# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. രാജൻ എം.വി)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - അസി. എഞ്ചിനീയർമാരുടെ മുൻഗണനാപ്പട്ടിക - അപാകതകൾ പരിഹരിച്ച് ഉത്തരവാകുന്നു.

പരാമർശം :
1) ഈ ഓഫീസിലെ 22.06.2017-ലെ ഇ3/1290/2020/സിഇ/ തസ്വഭവ നമ്പർ ഉത്തരവ്
2) അസി. എഞ്ചിനീയർ ശ്രീമതി. അരുണ വി 03.10.2017 തീയതി പ്രകാരം സമർപ്പിച്ച അപേക്ഷ
3) അസി. എഞ്ചിനീയർ ശ്രീമതി. രേഖ ജി ശശീന്ദ്രൻ 24.07.2017 തീയതി പ്രകാരം സമർപ്പിച്ച അപേക്ഷ
4) അസി. എഞ്ചിനീയർ ശ്രീ. അനൂപ് പി.എൻ 12.12.2017 തീയതി പ്രകാരം സമർപ്പിച്ച അപേക്ഷ

## ഉത്തരവ് നം . ഇ22-13756/2017/സിഇ/തസ്വഭവ തീയതി. 03.02.2020

ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി. അരുണ വി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഈ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മുൻഗണനാപ്പട്ടികയിൽ ഡയറക്ട് ക്വാട്ടയിൽ 635-ാമതായി ഉൾപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ ശ്രീമതി. അരുണ വി എന്നതിന് പകരം അരുൺ വി എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓഫീസ് രേഖകളും ടിയാൾ സമർപ്പിച്ച രേഖകളും ഒത്തുനോക്കിയതിൽ പരാതിയിൽ സാധുതയുണ്ടെന്ന് കാണുന്നു. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മുൻഗണനാപ്പട്ടിക ഡയറക്ട് ക്വാട്ടയിൽ 635-ാമതായി ഉൾപ്പെടുത്തിയിട്ടുള്ള അരുൺ വി എന്ന പേരിന്റെ സ്ഥാനത്ത് അരുണ വി എന്ന് ശരിയായ പേര് ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഈ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. രേഖ ജി ശശീന്ദ്രൻ പരാമർശം (1) പ്രകാരമുള്ള ഈ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ ഡയറക്ട് ക്വാട്ടയിൽ 428-ാമതായി ഉൾപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ ടിയാളുടെ ജനനതീയതി 29.09.1984 എന്നുള്ളത് 29.09.1987 എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഫീസ് രേഖകളും ടിയാൾ സമർപ്പിച്ച രേഖകളും ഒത്തുനോക്കിയതിൽ നിന്നും പരാതിയിൽ സാധുതയുള്ളതായി കാണുന്നു. ആയതിനാൽ ശ്രീമതി. രേഖ ജി ശശീന്ദ്രൻ എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ജനനതീയതി പരാമർശം (1) പ്രകാരമുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മുൻഗണനാപ്പട്ടികയിൽ 29.09.1984 എന്ന് ഉൾപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(മറുപുറം)

ഈ വകപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. അനൂപ് പി.എൻ പരാമർശം (1) പ്രകാരമുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മുൻഗണനാപ്പട്ടികയിൽ ക്രമ നം. 572-ാമതായി ഉൾപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ ടിയാന്റെ പേര് അനൂപ് പി.എൻ എന്നുള്ളത് അനൂപ്. പി.എം എന്നും, ജനനതീയതി 01.11.1986 എന്നുള്ളത് 01.01.1986 എന്നും തെറ്റായിട്ടാണ് പരാമർശം (1) പ്രകാരമുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഫീസ് രേഖകളും ടിയാൻ സമർപ്പിച്ച രേഖകളും ഒത്തുനോക്കിയതിൽ പരാതിയിൽ സാധുതയുള്ളതായി കാണുന്നു. ആയതിനാൽ പരാമർശം (1) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മുൻഗണനാപ്പട്ടികയിൽ ക്രമ നം. 572-ാമതായി ഉൾപ്പെടുത്തിയിട്ടുള്ള പേര് അനൂപ് പി.എൻ എന്നും, ജനനതീയതി 01.11.1986 എന്നും ഉൾപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പരാമർശം (1) പ്രകാരമുള്ള അന്തിമ മുൻഗണനാപ്പട്ടിക മേൽ പ്രസ്താവിച്ച മാറ്റങ്ങളോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

വ്യക്തികൾക്ക് (നിയന്ത്രണാധികാരികൾ മുഖേന)

പകർപ്പ് :
1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭവ ഉത്തര / ദക്ഷിണ മേഖല
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ, തിരുവനന്തപുരം / കൊല്ലം / കൊച്ചി / തൃശ്ശൂർ / കോഴിക്കോട് / കണ്ണൂർ കോർപ്പറേഷനുകൾ
3) എല്ലാ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയർമാർക്കും
4) എക്സി. എഞ്ചിനീയർ, തസ്വഭവ പി.എ.യു, വി.ഐ.യു
5) എല്ലാ മുനിസിപ്പാലിറ്റികളിലേയും എക്സി. എഞ്ചിനീയർ / അസി. എക്സി. എഞ്ചിനീയർ / അസി. എഞ്ചിനീയർ
6) എല്ലാ തസ്വഭവ സബ്ഡിവിഷനുകളിലേയും അസി. എക്സി. എഞ്ചിനീയർമാർക്കും
7) ബഹു. ചീഫ് എഞ്ചിനീയർ / ഡെ. ചീഫ് എഞ്ചിനീയർ / എക്സി. എഞ്ചിയനീയർ / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവരുടെ മേശപ്പുറത്ത്
8) ഇ9 / ഇ5 സെക്ഷനുകൾ – മേൽ നടപടിയ്ക്കായി
9) കരുതൽ ഫയൽ
10) വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

P 158